കൂടാതെ

എനർജി ചാർജ് :—(1) ആദ്യത്തെ 350 യൂണിറ്റ്/ കെ. വി. എ./ ബില്ലിംഗ് ഡിമാൻഡ് മാസം യൂണിറ്റൊന്നിന് 10 പൈസ.

(2) ബാക്കി യൂണിറ്റിനും യൂണിറ്റൊന്നിന് 8 പൈസ.

(ബി, സി, ഡി) പാർലമെൻറ് പാസ്സാക്കിയ ഇലക്ട്രിസിറ്റി സപ്ലൈ നിയമത്തിലെ ഭേദഗതി അനുസരിച്ച് സ്ഥിര ആസ്തിയുടെ മൂന്നു ശതമാനമെങ്കിലും ലാഭം ബോർഡുകൾ കൈവരിക്കേണ്ടതായിട്ടുണ്ട്. അത് സാധിക്കുവാനായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന ബോർഡിന്റെ നിർദ്ദേശം ഗവൺമെൻറ് പരിശോധിച്ചുവരുന്നു.

(ഇ) 1984-85-ലെ കണക്കനുസരിച്ച് ജനറേറ്റിംഗ് സ്റ്റേഷനിലെ മാത്രം ഉൽപാദനച്ചെലവ് യൂണിറ്റൊന്നിന് 6.26 പൈസയാണ്. എന്നാൽ വൈദ്യുതി ഉപഭോക്താവിന്റെ പരിസരത്ത് എത്തുമ്പോഴേക്കും ചെലവ് 67 പൈസവരെ ആകുന്നു.

കേരള കാർഷികോൽപ്പന്ന വിപണന പദ്ധതികൾ

* 284 [424] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന കേരള കാർഷികോൽപ്പന്ന വിപണന പദ്ധതി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതിൽ എത്രകോടി രൂപയുടെ മുതൽമുടക്കാണ് ഉദ്ദേശിക്കുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ)യും (ബി)യും ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ചു തയ്യാറാക്കിയ ഈ പദ്ധതി, സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനു സമർപ്പിക്കുകയും കേന്ദ്ര ഗവൺമെൻറ് അത് ലോകബാങ്കിനു നൽകുകയും ചെയ്തുവെങ്കിലും ഇതേവരെ അനുമതി കിട്ടാത്തതുകൊണ്ട് പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(സി) 185.66 കോടി രൂപ.

ലാൻറ് യൂട്ടിലൈസേഷൻ നിയമം

* 285 [425] ശ്രീ. കെ. പി. രാമൻ :
,, എ വി. അബ ദു റഹിമാൻ ഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻറ് യൂട്ടിലൈസേഷൻ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly